(എ) കായംകുളം ഡിപ്പോയിൽ അനുവദിച്ച അന്തർ സംസ്ഥാന ബസുകളിൽ ഒരെണ്ണം ചങ്ങനാശ്ശേരി ഡിപ്പോയിൽ സ്ഥലം മാറ്റി അനുവദിച്ചത് തിരികെ നൽകാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വെളിപ്പെടുത്തുമോ ;

(ബി) ബസ് തിരികെ നൽകുമോ ;

(സി) കായംകുളത്തു കൂടുതൽ അന്തർസംസ്ഥാന ബസുകൾ അനുവദിക്കുമോ ;

(ഡി) കായംകുളത്തെ ബസെടുത്ത് ചങ്ങനാശ്ശേരിക്ക് നൽകിയ ഡയറക്ടറെപ്പറ്റി അന്വേഷിച്ച് നടപടി എടുക്കുമോ ?

ഉത്തരം

(എ) താൽക്കാലികമായി കായംകുളത്തുനിന്നും ചങ്ങനാശ്ശേരിക്ക് നൽകിയ ബസ് തിരികെ കായംകുളം യൂണിറ്റിന് കൊടുത്തിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) നിലവിലുള്ള അന്തർ-സംസ്ഥാന കരാറനുസരിച്ച് പുതിയ അന്തർ -സംസ്ഥാന സർവീസുകൾ കായംകുളം യൂണിറ്റിൽ നിന്നും തുടങ്ങാനില്ല.

(ഡി) ചങ്ങനാശ്ശേരിയിൽ നിന്നും വേളാങ്കണ്ണിക്ക് സർവീസ് നടത്തിയിരുന്ന ബസ് അപകടത്തിൽപെടുകയും പ്രസ്തുത ബസ് സർവീസ് യോഗ്യമാക്കാനുള്ള കാലതാമസം കണക്കിലെടുത്തും ക്രിസ്തുമസ് അവധിക്കാലമായതുകൊണ്ട് ഈ റൂട്ടിൽ തീർത്ഥാടകരുടെ തിരക്ക് പരിഗണിച്ചും അന്തർ സംസ്ഥാന പെർമിറ്റുള്ള കായംകുളത്തെ ഒരു ബസ് ചങ്ങനാശ്ശേരിക്ക് മാറ്റി കൊടുക്കേണ്ട സാഹചര്യമാണ് ഉണ്ടായത്. ഇക്കാര്യത്തിൽ ആവശ്യമെന്നു കണ്ടാൽ അന്വേഷിച്ച് കൂടുതൽ നടപടികൾ സ്വീകരിക്കുന്നതാണ്.

ചങ്ങനാശ്ശേരി ട്രാൻസ്പോർട്ട് ഡിപ്പോയുടെ അറ്റകുറ്റപ്പണികൾ

31 (814) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി ട്രാൻസ്പോർട്ട് ഡിപ്പോയുടെയും വർക്ക്ഷോപ്പിന്റെയും തറ തകർന്ന നിലയിലാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ പുനരുദ്ധാരണ ജോലികൾ നടത്തുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ഡിപ്പോയിൽ മേൽക്കൂരയോടുകൂടിയ വർക്ക്ഷോപ്പിൽ ആവശ്യത്തിന് സ്ഥല സൗകര്യം ഇല്ലാത്തതുമൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) വർക്ക്ഷോപ്പ് കെട്ടിടത്തിന്റെ തറയിലെ ചില ഭാഗങ്ങൾ ഇളകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുനരുദ്ധാരണ ജോലികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഡിപ്പോയിലെ സ്ഥലപരിമിതി കൂടി കണക്കിലെടുത്തുകൊണ്ട് വർക്ക്ഷോപ്പിന്റെ സൗകര്യം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

വയനാട് ജില്ലയിലെ കെ. എസ്. ആർ. ടി. സി. സർവ്വീസുകൾ

32 (816) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ കൽപ്പറ്റ-നെടുംപാല, കൽപ്പറ്റ-ചുറ്റാട്, കൽപ്പറ്റ -നത്തംകുനി, വൈത്തിരി-നെടുംപാലപള്ളി, പനമരം-നെടുംപാല വഴി മേപ്പാടി, മീനമ്മാടി-നെടുംപാല, വള്ളിക്കവല വഴി മേപ്പാടി എന്നീ റൂട്ടുകളിൽ കെ. എസ്. ആർ. ടി. സി. ബസ് സർവീസ് നടത്തിയിരുന്നുവോ ;

(ബി) ഇപ്പോൾ അവ നിർത്തലാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണമെന്തെന്നു വ്യക്തമാക്കാമോ ;

(സി) പ്രസ്തുത റൂട്ടുകളിൽ കെ. എസ്. ആർ. ടി. സി. ബസ് സർവ്വീസ് പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സർവീസ് നടത്തിയിരുന്നു.

(ബി) മോശമായ കളക്ഷൻ കാരണം ടി സർവീസുകൾ ഇപ്പോൾ ഓടിക്കുന്നില്ല.

(സി) കളക്ഷൻ കുറവുള്ള റൂട്ടുകളിലെ ബസുകൾ പിൻവലിച്ച് ദേശസാൽകൃത മേഖലകളിലും ലാഭകരമായ മറ്റു റൂട്ടുകളിലും സർവ്വീസുകൾ നടത്തേണ്ടതുകൊണ്ട് ഈ സർവീസ് പുനരാരംഭിക്കുന്നതിന് നിവർത്തിയില്ല.

കാസർകോട് കെ. എസ്. ആർ. ടി. സി. ഷോപ്പിംഗ് കോംപ്ലക്സ്

33 (817) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് കെ. എസ്. ആർ. ടി. സി. ഷോപ്പിംഗ് കോംപ്ലക്സിന് എന്നാണ് ശിലാ സ്ഥാപനം നിർവഹിച്ചത് ;

(ബി) ഷോപ്പിംഗ് കോംപ്ലക്സിന്റെ എസ്റ്റിമേറ്റ് തുക എത്ര ;

(സി) ഇതിന്റെ നിർമ്മാണത്തിന് ഏത് ധനകാര്യ സ്ഥാപനമാണ് സാമ്പത്തിക സഹായം നൽകുന്നത് ;

(ഡി) ഇതുവരെ അതിന്റെ പണി തുടങ്ങാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഇ) എന്നത്തേയ്ക്ക് പണി ആരംഭിക്കുവാൻ കഴിയുമെന്നു വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly